നം. കൈറ്റ്/2026/1562 (68) തീയതി : 19.06.2026

## സർക്കുലർ

വിഷയം:-കൈറ്റ് - 'ലിറ്റിൽകൈറ്റ്സ്' യൂണിറ്റുകൾക്ക് ലഭ്യമാക്കുന്ന Advanced Robotic Kit-ന്റെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന : -1. സ. ഉ.(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.

2. ഈ ഓഫീസിലെ 18.07.2024 ലെ കൈറ്റ് നം. കൈറ്റ്/2024/1562 (35) നമ്പർ സർക്കുലർ.

3. സർക്കാർ നിയോഗിച്ച ഐ.ടി. സാങ്കേതിക സമിതിയുടെ 21.10.2025 യോഗത്തിന്റെ മിനിറ്റ്സ്.

'ലിറ്റിൽകൈറ്റ്സ് ' അംഗങ്ങളുടെ റോബോട്ടിക് പരിശീലനങ്ങൾക്ക് നിലവിൽ ആർഡിനോ യൂനോ ബോർഡ് & അക്സസറീസ് കിറ്റുകളാണ് ഉപയോഗിക്കുന്നത്. സൂചന 3 പ്രകാരം ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലേയ്ക്ക് അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. യൂണിറ്റിലെ അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യുന്നതിന് കൈറ്റ് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് ലൈൻ ഫോളോവിംഗ് റോബോട്ടുകൾ, ഓട്ടോമാറ്റിക് പ്ലാന്റ് വാട്ടറിംഗ് സിസ്റ്റം, മോഷൻ ആക്റ്റിവേറ്റഡ് സെക്യൂരിറ്റി സിസ്റ്റം, സ്മാർട്ട് വെതർ സ്റ്റേഷൻ തുടങ്ങിയ മോഡലുകൾ സൃഷ്ടിക്കാൻ കഴിയും. മൈക്രോ കൺട്രോളറുകൾ, ബ്രേക്ക്ഔട്ട് ബോർഡുകൾ, വിവിധ സെൻസറുകൾ, സബ്മെർസിബിൾ മിനി വാട്ടർ പമ്പ്, എൽസിഡി ഡിസ്പ്ലേ മൊഡ്യൂൾ, 4WD സ്മാർട്ട് കാർ ഷാസി കിറ്റ് തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ വിമർശനാത്മക ചിന്തയും സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിനൊപ്പം ഭൗതികശാസ്ത്രം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് എന്നിവയുടെ വ്യത്യസ്ത ആശയങ്ങൾ പഠിക്കാനും സഹായിക്കും. അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകളുടെ വിതരണം, പരിപാലനം, ഉപയോഗം തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

1. ജില്ലാ ഓഫീസിൽ ലഭിക്കുന്ന റോബോട്ടിക് കിറ്റുകൾ മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ നേതൃത്വത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ചെക്ക് ലിസ്റ്റ്/സഹായക ഫയൽ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നേരിട്ട് പരിശോധിച്ച് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. അനുബന്ധമായി ചേർത്തിരിക്കുന്ന 22 ഇനങ്ങൾ അടങ്ങിയ ബോക്സുകളാണ് സ്കൂളുകൾക്ക് നൽകുന്നത്. ബോക്സിനോടൊപ്പമുള്ള കമ്പോണന്റ്സ് list-മായി പരിശോധിച്ച് അവ പ്രവർത്തനക്ഷമമാണെന്ന് അതത് യൂണിറ്റിലെ കൈറ്റ് മെന്റർമാർ ഉറപ്പുവരുത്തി സ്വീകരിക്കേണ്ടതാണ്.

3. ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ kite.kerala.gov.in/support-ൽ ഉൾപ്പെടുത്തി പോർട്ടലിൽ നിന്ന് ജനറേറ്റ് ചെയ്യുന്ന സർട്ടിഫിക്കറ്റ് അതത് സ്കൂൾ പ്രഥമാധ്യപകർ ഒപ്പിട്ട് കൈറ്റിന്റെ ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

4. സ്കൂളുകൾക്ക് നൽകുന്ന Advanced Robotic കിറ്റിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനം കൈറ്റിന്റെ ജില്ലാ ഓഫീസിൽ നടത്തേണ്ടതാണ്.

5. ഉപകരണങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശീലനത്തിന് ഉപയോഗിക്കേണ്ടതും ഉപയോഗം കഴിഞ്ഞശേഷം ലഭ്യമാക്കിയ ബോക്സിൽ തന്നെ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യം കൈറ്റ് മെന്റർമാർ ഉറപ്പുവരുത്തേണ്ടതും പ്രഥമാധ്യാപകർ പരിശോധിക്കേണ്ടതുമാണ്.

6. Advanced Robotic കിറ്റ് യൂണിറ്റിന് പൊതുവായി നൽകുന്നതായതിനാൽ ആവശ്യമുള്ള യൂണിറ്റ് അംഗങ്ങൾക്ക് അത് ഉപയോഗിക്കാവുന്നതാണ്.

7. ESP 32 Devkit v1 board with 30 pins, ESP32 30PIN Breakout board, 16x2 LCD Display with Pre-Soldered I2C Module, 4 WD Double Layer Smart Car Chassis Kit, L298N Motor Driver Circuit Board, 11.1V 2200mAh 18650 3S with BMS Rechargeable Li-ion Battery Pack (12v 2200mAh), 12V 2Amp SMPS Power Supply AC-DC Adapter | 5.5mm Plug Connector, Digital Multimeter Model : DT830D എന്നീ 8 ഇനങ്ങൾക്ക് ഒരു വർഷത്തെ വാറണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വാറണ്ടി കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനത്തകരാറ് സംഭവിച്ചാൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റിലെ വാറണ്ടി ഇല്ലാത്ത കോമ്പോണൻസ് ആവശ്യമെങ്കിൽ സ്കൂളുകൾക്ക് പ്രാദേശികമായി വാങ്ങാവുന്നതാണ്. ഇതിനുള്ള തുക ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചതിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽകൈറ്റ്സ് യൂണിറ്റുള്ള എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

| Advanced Robotic Kit - Component Checklist | | | |
|---|---|---|---|
| Sl.No | Description | Qty Nos | Available (Yes/No) |
| 1 | ESP 32 Devkit v1 board with 30 pins (Warranty: 1 Year) | 2 | |
| 2 | USB A to Micro USB Cable | 2 | |
| 3 | ESP32 30PIN Breakout board (Warranty: 1 Year) | 2 | |
| 4 | Ultrasonic Distance Sensor Module | 2 | |
| 5 | Submersible Mini Water Pump with 1 m transparent flexible tube | 2 | |
| 6 | Soil Moisture Sensor with Probe | 2 | |
| 7 | PIR Motion Sensor | 2 | |
| 8 | 16x2 LCD Display with Pre-Soldered I2C Module (Warranty: 1 Year) | 2 | |
| 9 | Linear Magnetic Hall sensor | 2 | |
| 10 | DH11 Sensor Module | 2 | |
| 11 | High Sensitivity Sound Microphone Sensor Module | 2 | |
| 12 | RGB SMD LED Module | 2 | |
| 13 | 3386P-1 102 1K DIP Adjustable Potentiometer with Knob | 2 | |
| 14 | MQ 135 Air Quality/ Gas sensor | 6 | |
| 15 | TCRT5000 Single Channel Line Tracking Sensor Module | 2 | |
| 16 | 4 WD Double Layer Smart Car Chassis Kit (Warranty: 1 Year) | 1 | |
| 17 | L298N Motor Driver Circuit Board (Warranty: 1 Year) | 1 | |
| 18 | 170 pts Mini Breadboard SYB-170 White | 1 | |
| 19 | 5mm DC Jack Female Connector with Wire | 1 | |
| 20 | 11.1V 2200mAh 18650 3S with BMS Rechargeable Li-ion Battery Pack (12v 2200mAh) (Warranty: 1 Year) | 1 | |
| 21 | 12V 2Amp SMPS Power Supply AC-DC Adapter \| 5.5mm Plug Connector (Warranty: 1 Year) | 1 | |
| 22 | Digital Multimeter Model : DT830D (Warranty: 1 Year) | 1 | |
| 23 | KEEPER 99 Plastic box | 1 | |